# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **806** — 02.12.2015-ൽ മറുപടിക്ക്

## സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കുന്നതിനെ സംബന്ധിച്ച്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കെ. നാരായണൻ : | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളില്ലാത്ത 8 ജില്ലകളിൽ അവ സ്ഥാപിക്കുമെന്ന് 2012-13 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) | പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടായിരുന്നുവെന്നും നീക്കിവച്ച തുകയിൽ നിന്ന് എത്ര തുക സംസ്ഥാന ഖജനാവിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെന്നും അത് ഏതെല്ലാം ജില്ലകളിൽ എന്തെല്ലാം പദ്ധതിക്കായിട്ടാണെന്നും വ്യക്തമാക്കുമോ ; | (ബി) | 2012-13-ൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾക്കായി 3500 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിനാൽ മുഴുവൻ തുകയും പി.ഡബ്ല്യു.ഡി. മുഖേന ചെലവഴിക്കുന്നതിനായി എൻ.എച്ച്.എം -ന് കൈമാറിയിട്ടുണ്ട്. |

**സിവിൽ വർക്സ് (2012-13)**

| | |
|---|---|
| തൃശ്ശൂർ | - 725 ലക്ഷം രൂപ |
| കോട്ടയം | - 880 ലക്ഷം രൂപ |
| സുൽത്താൻ ബത്തേരി, വയനാട് | - 300 ലക്ഷം രൂപ |
| പൊന്നാനി, മലപ്പുറം | - 360 ലക്ഷം രൂപ |
| തിരുവനന്തപുരം (നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്) | - 375.75 ലക്ഷം രൂപ |

(.....2)

**നിലവിലുള്ള ഡബ്ല്യൂ & സി ആശുപത്രിക്ക് വേണ്ടിയും ഡബ്ല്യൂ & സി വിംഗിന് വേണ്ടിയും ചെലവഴിച്ച തുക (2012-13)**

| ജില്ല | അടിസ്ഥാന സൗകര്യ വികസനം | ഉപകരണങ്ങൾ വാങ്ങുന്നത് |
|---|---|---|
| തിരുവനന്തപുരം (ഡബ്ല്യൂ & സി) | 10 ലക്ഷം | 67.90 ലക്ഷം |
| ജനറൽ ആശുപത്രി എറണാകുളം | 90.98 ലക്ഷം | 142.36 ലക്ഷം |
| ജില്ലാ ആശുപത്രി, പേരൂർക്കട | 400 ലക്ഷം | 60.58 ലക്ഷം |
| താലൂക്ക് ആശുപത്രി, ചിറയിൻകീഴ് | ..... | 37.31 ലക്ഷം |
| സി.എച്ച്.സി. കന്യാകുളങ്ങര | 10 ലക്ഷം | 18.74 ലക്ഷം |
| ഡബ്ല്യൂ&സി, പൊന്നാനി | 200 ലക്ഷം | 130.38 ലക്ഷം |

(സി) തുടർ വർഷങ്ങളിൽ പ്രസ്തുത പദ്ധതിയ്ക്കായി തുക നീക്കിവച്ചിട്ടുണ്ടായിരുന്നോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; പ്രസ്തുത പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ ?

(സി) തുടർ വർഷങ്ങളിലും ടി പ്രവൃത്തിക്കായി തുക നീക്കി വച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**2013-14-ൽ നീക്കി വച്ച തുക (ക്യാപ്പിറ്റൽ ഹെഡ്) 1000 ലക്ഷം രൂപ**

| സ്ഥാപനം | അനുവദിച്ച തുക |
|---|---|
| ഡബ്ല്യൂ & സി, കാസർഗോഡ് | 360 ലക്ഷം രൂപ |
| ഡബ്ല്യൂ & സി, കോന്നി | 311 ലക്ഷം രൂപ |
| ഡബ്ല്യൂ & സി, മാങ്ങാട്ടുപറമ്പ, കണ്ണൂർ | 329 ലക്ഷം രൂപ |

**2014-15-ൽ നീക്കി വച്ച തുക 1095 ലക്ഷം രൂപ (ഒ.റ്റി.എ.സി.എ)**

| | |
|---|---|
| ഡബ്ല്യൂ & സി, തിരുവനന്തപുരം | 195 ലക്ഷം (സിവിൽ) |
| താലൂക്ക് ആശുപത്രി, കോന്നി | 319 ലക്ഷം (സിവിൽ) |
| ഗവൺമെന്റ് വിക്ടോറിയ ആശുപത്രി, കൊല്ലം | 200 ലക്ഷം (സിവിൽ) |
| ഡബ്ല്യൂ & സി, കാഞ്ഞങ്ങാട് | 381 ലക്ഷം (സിവിൽ) |

(.....3)

**2015-16-ൽ നീക്കി വച്ച തുക - 1150 ലക്ഷം രൂപ**

650 ലക്ഷം രൂപ സ്റ്റേറ്റ് പ്ലാനിലും, 500 ലക്ഷം രൂപ ഒറ്റത്തവണ കേന്ദ്ര അധിക സഹായത്തിലും ആണ് നീക്കിവച്ചിട്ടുള്ളത്.

ആയതിനാൽ സ്റ്റേറ്റ് പ്ലാൻ ഫണ്ടിന് മാത്രമാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളത്. (ഒ.റ്റി.എ.സി.എ) ഒറ്റത്തവണ കേന്ദ്ര അധിക സഹായഫണ്ട് ലഭ്യമല്ലാത്തതിനാൽ ഭരണാനുമതി ലഭ്യമായിട്ടില്ല.

സ്റ്റേറ്റ് പ്ലാനിൽ ഭരണാനുമതി ലഭ്യമായതിൽ,

ഡബ്ല്യൂ & സി, അടിമാലി, ഇടുക്കി - 450 ലക്ഷം
ഡബ്ല്യൂ & സി, കാസർഗോഡ് - 200 ലക്ഷം
രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.

പ്രസ്തുത പദ്ധതി വഴി ഡബ്ല്യൂ & സി. ഇല്ലാത്ത ജില്ലകളിൽ ഡബ്ല്യൂ & സി. ആശുപത്രിയുടെ നിർമ്മാണവും, നിലവിൽ ഡബ്ല്യൂ & സി ഉള്ള ജില്ലകളിൽ അവയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ